*ഭരണഭാഷ - മാതൃഭാഷ*

നം.കെ2/64889/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 09/12/2019

## പൊതുപരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - നികുതിയേതര വരുമാനം - കലാലയങ്ങളിലെ അഞ്ച് ശതമാനം (5%) ഫീസ് വർദ്ധന - സ്പഷ്ടീകരണം നല്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സർക്കാർ ഉത്തരവ് (ആർ.റ്റി) നം.1836/2019/ഉ.വി.വ തീയതി 17/10/2019
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 22/10/2019, 01/11/2019 - ാം തീയതികളിലെ കെ2/64889/19/കോ.വി.വ നമ്പർ ഉത്തരവ്

-------

സൂചനകളിലേയ്ക്ക് ദയവായി ശ്രദ്ധിച്ചാലും. മേൽ സൂചന രണ്ട് പ്രകാരം സർക്കാർ കോളേജുകൾ, ഹോസ്റ്റലുകൾ, സംഗീത കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ അഞ്ച് ശതമാനം (5%) ഫീസ് വർദ്ധന വരുത്തിയതിന്റെ ഉത്തരവ് വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ പല കലാലയങ്ങളിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതു പരിപത്രത്തിലൂടെ സ്പഷ്ടീകരണം നൽകുന്നു.

മുൻപ് രജിസ്ട്രേഷൻ ഫീസ് 50 രൂപ ആയിരുന്നതിൽ 20 രൂപ സർക്കാർ അക്കൗണ്ടിലും, 20 രൂപ ഫാറം അച്ചടിയ്ക്കുന്നതിനും ശേഷിയ്ക്കുന്ന 10 രൂപ പി.ഡി. അക്കൗണ്ടിലും നിക്ഷേപിയ്ക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നത് എന്നാൽ ഇപ്പോൾ വർദ്ധിപ്പിച്ച രജിസ്ട്രേഷൻ ഫീസിൽ 25 രൂപ സർക്കാരിലും, 20 രൂപ, 10 രൂപാ യഥാക്രമം ഫാറം അച്ചടിയ്ക്കുന്നതിനും, പി.ഡി.അക്കൗണ്ടിൽ നിക്ഷേപിയ്ക്കുന്നതിനും ഉപയോഗിക്കേണ്ടതാണ്. ഫൈൻ വർദ്ധനവിനെപ്പറ്റി സർക്കാർ ഉത്തരവിൽ പ്രത്യേക പരാമർശം ഇല്ലാത്തതിനാൽ ആയത് പഴയ പടി തുടരാവുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

ഒപ്പ്/-
ജയശ്രീ.എം.എ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം- മേൽപ്പടി

പകർപ്പ്: സിസ്റ്റം മാനേജർ (വെബ്സൈറ്റിലേയ്ക്ക്)
കരുതൽ ഫയൽ/നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

Prema.B

സൂപ്രണ്ട്

**GOVERNMENT OF KERALA 2017-18**